# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 06.09.2026**

## പ്രധാനവാർത്തകൾ

1. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്കുള്ള സന്ദർശനത്തിന്റെ ഭാഗമായി ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ന് അസമിലെ ഗുവാഹത്തിയിലെത്തി.
2. ലഹരിമരുന്ന് ഉപയോഗത്തിനെതിരായ ഓപ്പറേഷൻ തൂഫാൻ പരിപാടിയുടെ രണ്ടാം ഘട്ടം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല.
3. സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര ഭിന്നശേഷി പുനരധിവാസ ഗ്രാമം നിർമാണോദ്ഘാടനം നാളെ മലപ്പുറത്ത് മന്ത്രി വി.ഇ.അബ്ദുൽ ഗഫൂർ നിർവ്വഹിക്കും.
4. കുട്ടികളുടെ കായിക അഭിരുചികൾ പ്രോത്സാഹിപ്പിക്കണമെന്നും കായികമേളകളിലേക്ക് വഴിതിരിച്ചു വിടണമെന്നും മന്ത്രി എൻ. ഷംസുദ്ദീൻ.
5. തൃശൂർ കയ്പമംഗലത്തെ വാഹനാപകടം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ.
6. ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റൺ പുരുഷ ഡബ്ബിൾസ് ഫൈനലിൽ ഇന്ത്യയുടെ സാത്വിക്സായിരാജ് രങ്കിറെഡ്ഡി - ചിരാഗ് ഷെട്ടി സഖ്യം ഇന്ന് ചൈനീസ് സഖ്യത്തെ നേരിടും.

RNU TVPM

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## ഉപരാഷ്ട്രപതി സന്ദർശനം

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ന് മുതൽ നാല് ദിവസങ്ങളിലായി അസം, മേഘാലയ, മണിപ്പൂർ, അരുണാചൽ പ്രദേശ് എന്നീ സംസ്ഥാന ങ്ങൾ സന്ദർശിക്കും. സന്ദർശനത്തിൻറെ ആദ്യ പാദത്തിൽ ഗുവാഹത്തി യിലെത്തിയ ഉപരാഷ്ട്രപതിയെ അസം ഗവർണറും മുഖ്യമന്ത്രിയും ചേർന്ന് സ്വീകരിച്ചു. ഇന്ന് ഗുവാഹത്തിയിൽ ഗീതാനഗർ കോളേജിൻ്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിലും ശ്രീമന്ദ ശങ്കരദേവ യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിൻ്റെ ബിരുദദാന ചടങ്ങിലും അദ്ദേഹം പങ്കെടുക്കും.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## ആഭ്യന്തരമന്ത്രി അമിത് ഷാ

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഗോവയിലെത്തി. വെസ്റ്റേൺ സോണൽ കൗൺസിലിന്റെ 28-ാമത് യോഗത്തിൽ അദ്ദേഹം അധ്യക്ഷത വഹിക്കും. ഇന്ന് ആഭ്യന്തര മന്ത്രാലയ ത്തിന്റെ യോഗത്തിൽ കേന്ദ്ര മന്ത്രി അധ്യക്ഷനാകും. തുടർന്ന് വാർത്താ സമ്മേളനത്തിൽ പങ്കെടുക്കുന്ന അദ്ദേഹം ബി.ജെ.പിയുടെ പുതിയ സംസ്ഥാന ഓഫീസും ഉദ്ഘാടനം ചെയ്യും.

RNU TVPM

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## സമഗ്ര ഭിന്നശേഷി ഗ്രാമം

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര ഭിന്നശേഷി പുനരധിവാസ ഗ്രാമം നിർമാണോദ്ഘാടനം മന്ത്രി വി.ഇ.അബ്ദുൽ ഗഫൂർ നാളെ രാവിലെ മലപ്പുറം പുത്തനത്താണിയിൽ നിർവഹിക്കും. ഭിന്നശേഷിക്കാർക്ക് ആവശ്യമായ വിവിധ പുനരധിവാസ സേവനങ്ങൾ ഒരേ കുടക്കീഴിൽ ലഭ്യമാക്കുന്നതിനുദ്ദേശിച്ചുള്ള സമഗ്ര പുനരധിവാസ സംരംഭം എന്ന നിലയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. തിരൂർ താലൂക്കിലെ പുത്തനത്താണി ചുങ്കത്ത് അഞ്ചേക്കർ ഭൂമിയിലാണ് ഭിന്നശേഷി പുനരധി വാസ കേന്ദ്രം യാഥാർഥ്യമാകുന്നത്.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋

## തൂഫാൻ - രമേശ് ചെന്നിത്തല (ഇൻട്രോ)

ലഹരിക്കെതിരായ ഓപ്പറേഷൻ തൂഫാൻ പരിപാടി അവസാനിക്കില്ലെന്നും ഘട്ടം ഘട്ടമായി തുടരുമെന്നും ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. കോഴിക്കോട് ഓപ്പറേഷൻ തൂഫാൻ പ്രചരണാർത്ഥം സംഘടിപ്പിച്ച പരിപാടിയിൽ പങ്കെടുത്ത ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഈ മാസം 28 ന് തുടക്കം കുറിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

(വോയ്സ്)

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋

RNU TVPM

## ലഹരിവിരുദ്ധ മാരത്തോൺ - കൊച്ചി

ലഹരിവിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി കൊച്ചി സിറ്റി പോലീസിന്റെ ആഭിമുഖ്യത്തിൽ ഇന്ന് മെഗാ മാരത്തോൺ സംഘടിപ്പിക്കും. യെസ് ടു സ്പോർട്സ്, നോ ടു ഡ്രഗ്സ് 'എന്ന സന്ദേശവുമായി നടക്കുന്ന മാരത്തോൺ വൈകിട്ട് നാലിന് കളമശ്ശേരിയിൽ ദീപശിഖയുമായി എത്തും. തുടർന്ന് കലൂർ സ്റ്റേഡിയം ഗ്രൗണ്ടിൽ നടക്കുന്ന പൊതുസമ്മേളനം ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം. ജോൺ ഉദ്ഘാടനം ചെയ്യും. പരിപാടിയോട് അനുബന്ധിച്ച് നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋

## ജി എസ് ടി-സെമിനാർ

രാജ്യത്തെ ചരക്ക് സേവന നികുതി സംവിധാനത്തിലെ രണ്ടാം തലമുറ പരിഷ്കാരങ്ങളും, അവ സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതിയിലും ധനനയത്തിലും ചെലുത്തുന്ന സ്വാധീനവും ചർച്ച ചെയ്യുന്നതിനായി, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. തിരുവനന്തപുരം ഗിഫ്റ്റ് കാമ്പസിൽ മറ്റന്നാൾ മുഖ്യമന്ത്രി വി. ഡി. സതീശൻ സെമിനാർ ഉദ്ഘാടനം ചെയ്യും.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## ഐ-ബ്രിക്സ് ഉച്ചകോടി

ന്യൂഡൽഹിയിൽ നടക്കുന്ന 18-ാമത് ബ്രിക്സ് ഉച്ചകോടിയോട് അനുബന്ധിച്ച് ഈ മാസം 12, 13 തീയതികളിൽ പ്രഥമ ഐ-ബ്രിക്സ് ഉച്ചകോടി സംഘടിപ്പിക്കും. 500-ലധികം നിക്ഷേപകർ, ധനമന്ത്രിമാർ, വ്യവസായ പ്രമുഖർ എന്നിവർ രണ്ടുദിവസത്തെ ഉച്ചകോടിയിൽ പങ്കെടുക്കും. 21 ബ്രിക്സ് അംഗരാജ്യങ്ങളിലും പങ്കാളിത്ത രാജ്യങ്ങളിലുമുള്ള അടിസ്ഥാന സൗകര്യ വികസനം, ഊർജ്ജം, ഡിജിറ്റൽ പദ്ധതികൾ എന്നിവയിലേക്ക് നിക്ഷേപങ്ങൾ എത്തിക്കുകയാണ് ഉച്ചകോടിയുടെ പ്രധാന ലക്ഷ്യം.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## സ്വച്ഛതാ ഹി സേവ

RNU TVPM

സ്വച്ഛതാ ഹി സേവയെ യഥാർത്ഥ ജനകീയ പ്രസ്ഥാനമാക്കി മാറ്റണമെന്ന് കേന്ദ്ര ഭവന-നഗരകാര്യ മന്ത്രി മനോഹർ ലാൽ. സ്വച്ഛതാ ഹി സേവ പ്രചാരണത്തിൻറെ ഒൻപതാം പതിപ്പിലേക്ക് രാജ്യം കടക്കുമ്പോൾ, ശുചിത്വമുള്ളതും ആരോഗ്യകരവുമായ ഭാരതത്തിനായുള്ള പ്രതിജ്ഞാ ബദ്ധത ആവർത്തിക്കുകയാണെന്ന് അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## മാധ്യമ പര്യടനം - പി ഐ ബി

തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോ സംഘടിപ്പിക്കുന്ന ഉത്തർ പ്രദേശിലേക്കുള്ള മാധ്യമ പര്യടനത്തിന് തുടക്കമായി. ഒരാഴ്ചയോളം നീളുന്ന പര്യടനത്തിനിടെ, ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യ നാഥ്, കാർഷിക വിദഗ്ധനും പത്മശ്രീ ജേതാവുമായ രാം ശരൺ വർമ എന്നിവരുമായി മാധ്യമ പ്രവർത്തകർ കൂടിക്കാഴ്ച നടത്തിയേക്കും. അയോധ്യ രാമക്ഷേത്രം , റെയിൽവേ ഡിസൈൻ ആൻഡ് സ്റ്റാൻഡേർഡ്സ് ഓർഗനൈസേഷൻ, ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ്, ചിക്കൻകാരി വസ്ത്ര വ്യവസായം തുടങ്ങിയവയും സംഘം സന്ദർശിക്കും.

❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊

## നീലക്കുറിഞ്ഞി (ഇൻട്രോ)

കുറിഞ്ഞിപ്പൂക്കളുടെ മനോഹാരിത ആസ്വദിക്കാൻ മൂന്നാറിലേക്ക് സഞ്ചാരികളുടെ ഒഴുക്ക് വർദ്ധിച്ചു. അതിനിടെ, പൂക്കൾ നശിപ്പിക്കുന്ന വർക്കെതിരെ നടപടിയെടുക്കുമെന്ന് വനംവകുപ്പ് മുന്നറിയിപ്പ് നൽകി. നീലക്കുറിഞ്ഞിയുമായുള്ള ചിത്രങ്ങൾ സാമൂഹ്യ മാധ്യമത്തിൽ പങ്കുവെച്ച രണ്ട് യുവാക്കൾക്കെതിരെ കേസെടുത്തതിന് പിന്നാലെയാണ് വകുപ്പിന്റെ നീക്കം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ**
**(വോയിസ്)**

RNUTVPM

❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊

## പാതിരാമണൽ (ഇൻട്രോ)

ആലപ്പുഴയിലെ പാതിരാമണൽ ദ്വീപ് ഇപ്പോൾ വിനോദ സഞ്ചാരികളുടെ ഇഷ്ട സങ്കേതമായി മാറിയിരിക്കുകയാണ്. പ്രദേശത്തെ ഗതാഗത അസൗകര്യങ്ങൾ, സംസ്ഥാന ജലഗതാഗത വകുപ്പ് പരിഹരിച്ചതോടെ ദ്വീപിലേക്ക് സഞ്ചാരികൾ എത്തി തുടങ്ങി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ ......**

**(വോയിസ്)**

❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊

## കായികമേള വിവാദം -മന്ത്രി എൻ. ഷംസുദ്ദീൻ

കുട്ടികളുടെ കായിക അഭിരുചികൾ പ്രോത്സാഹിപ്പിക്കണമെന്നും ലഹരി ഉപയോഗത്തിൽ നിന്ന് അകറ്റാൻ അവരെ കായികമേളകളിലേക്ക് വഴിതിരിച്ചു വിടണമെന്നും മന്ത്രി എൻ. ഷംസുദ്ദീൻ. കോഴിക്കോട് 68-ാമത് സംസ്ഥാന സ്കൂൾ കായിക മേള സ്വാഗത സംഘം രൂപീകരണ

യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്കൂൾ കായിക മേള വേദിയെ ചൊല്ലി വിവാദം അനാവശ്യമാണെന്നും മന്ത്രി പറഞ്ഞു. കായികമേള അടുത്തമാസം അവസാനം കോഴിക്കോട് നടക്കും. കണ്ണൂരിന് വരും വർഷങ്ങളിൽ കായികമേള അനുവദിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉

## ബാഡ്മിൻറൺ

ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റണിൽ പുരുഷ വിഭാഗം ഡബ്ബിൾസ് ഫൈനലിൽ ഇന്ത്യയുടെ സാത്വിക്സായിരാജ് രങ്കിറെഡ്ഡി - ചിരാഗ് ഷെട്ടി സഖ്യം ഇന്ന് ചൈനീസ് സഖ്യത്തെ നേരിടും. ഉച്ചയ്ക്ക് 1.50 ന് മത്സരം ആരംഭിക്കും. ഇന്നലെ മലേഷ്യൻ സഖ്യത്തെ പരാജയപ്പെടുത്തിയാണ് ഇരുവരുടെയും ഫൈനൽ പ്രവേശം.

❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉

PNUTVPM

## വാഹനാപകടം: മനുഷ്യാവകാശ കമ്മീഷൻ

തൃശൂർ കയ്പമംഗലത്തെ വാഹനാപകടത്തിന്റെ കാരണങ്ങളെ കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. ദേശീയപാതാ അതോറിറ്റി പാലക്കാട് പ്രോജക്റ്റ് ഡയറക്ടറും തൃശൂർ ആർ റ്റി ഒ യും രണ്ടാഴ്ചക്കകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ അംഗം വി. ഗീത ആവശ്യപ്പെട്ടു. ചരക്കുലോറികളുടെ അനധികൃത പാർക്കിംഗും ദേശീയപാതാ അതോറിറ്റി കൃത്യമായ സൂചനാ ബോർഡുകൾ സ്ഥാപിക്കാത്തതുമാണ് അപകട കാരണമെന്ന ആരോപണം പ്രത്യേകം അന്വേഷിക്കണമെന്നും നിർദ്ദേശമുണ്ട്. മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉

## തൃശൂർ -അപകടം

തൃശൂർ കുന്നംകുളത്ത് നിയന്ത്രണം വിട്ട കാർ, ബൈക്കിലിടിച്ച് ഒരു കുടുംബത്തിലെ മൂന്ന് പേർ മരിച്ചു. ചാവക്കാട് സ്വദേശികളായ മുനീർ, ഭാര്യ സഫ്ന, മകൻ യമിൽ ഐബക്ക് എന്നിവരാണ് മരിച്ചത്. ഗുരുതര മായി പരുക്കേറ്റ ഇവരെ ഉടൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. അപകടമുണ്ടാക്കിയ കാർ ഡ്രൈവർ മദ്യപിച്ചിരുന്നതായി പോലീസ് സ്ഥിരീകരിച്ചു. ഇയാൾക്കായി തിരച്ചിൽ ഊർജിതമാക്കിയിട്ടുണ്ട്. പ്രതിക്കെതിരെ ജാമ്യമില്ലാ വകുപ്പുകൾ പ്രകാരം കേസെടുത്തു.

## മലപ്പുറം- അപകടം

മലപ്പുറം ദേശീയപാതയിൽ കാറും ലോറിയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ രണ്ട് യുവാക്കൾ മരിച്ചു. മലപ്പുറം സ്വദേശികളായ ഹാരിസ്, കെ ടി ജംഷീർ എന്നിവരാണ് മരിച്ചത്. ഗുരുതരമായി പരിക്കേറ്റ മുന്ന് പേരെ  കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

RNUTVPM